# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1492

03/05/2017 ലെ
മറുപടിയ്ക്ക്

### പ്രാദേശിക പത്രപ്രവർത്തകർക്കായുള്ള ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ആർ സുനിൽ കുമാർ** | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; | 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇനം. നമ്പർ 50 പ്രകാരം പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 15/2/2012 ലെ സ.ഉ.(സാധാ) നം 682/2012/ഐ & പി ആർ ഉത്തരവ് പ്രകാരം പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായിരുന്നു.<br>1993 ലെ കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം 2 പ്രകാരം പ്രാദേശിക പത്രപ്രവർത്തകർ പത്രപ്രവർത്തകർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാലും നിലവിൽ ഇവർക്ക് കൈത്തൊഴിൽ ക്ഷേമ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനാലും KUWJ യുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും |

| | |
|---|---|
| | 25-10-2016 ലെ സ.ഉ.(സാധാ) നം 411/2016/ഐ & പി ആർ പ്രകാരം പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവ് പിൻവലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി സർക്കാർ 2016-17 ലെ ബഡ്ജറ്റിൽ എത്ര രൂപ നീക്കി വച്ചു ; | തുക നീക്കി വച്ചിട്ടില്ല. |
| (സി) ഇതുവരെയുള്ള ക്ഷേമനിധി പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ; | ബഡ്ജറ്റിൽ തുക നീക്കി വയ്ക്കാത്തതിനാൽ ക്ഷേമനിധി പ്രവർത്തനങ്ങൾ നടന്നിട്ടില്ല. |
| (ഡി) ഏതെങ്കിലും സംഘടന സർക്കാരിന് ഇത് സംബന്ധിച്ച് നിവേദനം നല്കിയിട്ടുണ്ടോ എന്നറിയിക്കാമോ ? | ഉണ്ട്. |

സെക്ഷൻ ഓഫീസർ